# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഇ.കെ.എം./പി.14/1608/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 01/11/2022
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഇ.കെ.എം./പി.14/1608/2022 തീയ്യതി: 01/11/2022

## എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി.ബിന്ദു.എസ്.നായർ | ഡെപ്യൂട്ടി ഡയറക്ടർ | 23-08-2022 | 31-08-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-08-2022 | 31-08-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ധീരജ് ജെ, ഓഡിറ്റ് ഓഫീസർ

ശ്രീ. ഷൈജു മാത്യൂ, ഓഡിറ്റ് ഓഫീസർ

ശ്രീ. വിജു എം.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. പ്രവീൺ വി.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എൻ.എം.ജോസഫ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ.ലാൽ.ടി.കൃഷ്ണ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2021 | 07-04-2021 |
| ശ്രീ.കൃഷ്ണൻകുട്ടി.ഇ.കെ | സെക്രട്ടറി | 08-04-2021 | 15-07-2021 |
| ശ്രീ. സുധീഷ് കുമാർ സി.കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 16-07-2021 | 01-08-2021 |
| ശ്രീ.കൃഷ്ണൻകുട്ടി.ഇ.കെ | സെക്രട്ടറി | 02-08-2021 | 22-12-2021 |

| | | | |
|---|---|---|---|
| ശ്രീ. ലിജോ സേവ്യർ | സെക്രട്ടറി | 23-12-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.ലാൽ.ടി.കൃഷ്ണ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 08-07-2021 |
| ശ്രീ. ഷാജു പോൾ | അസിസ്റ്റന്റ് സെക്രട്ടറി | 09-07-2021 | 31-03-2022 |
| ശ്രീ. സണ്ണി കെ.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .സുമിയ.സി,വൈ | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ഡോ.സുജേഷ്.എം. | മെഡിക്കൽ ഓഫീസർ.പി.എച്ച്.സി.പോത്താനിക്കാട് | 01-04-2021 | 31-03-2022 |
| ഡോ.സീനമോൾ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.മിനിമോൾ.കെ.ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ശ്രീമതി.എലിസബത്ത്.സി.ജോർജ് | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ഡോ.സുമീറ ഇബ്രാഹിം | വെറ്ററിനറി സർജൻ | 01-04-2021 | 17-11-2021 |
| ശ്രീമതി. ജെസ്സി കെ ജോർജ്ജ് | വെറ്ററിനറി സർജൻ | 18-11-2021 | 31-03-2022 |
| ശ്രീ. അജയൻ പി.എസ് | വി.ഇ,ഒ (പോത്താനിക്കാട്) | 01-04-2021 | 16-08-2021 |
| ശ്രീ. റാണി കെ.പി | വി.ഇ,ഒ (പോത്താനിക്കാട്) | 17-08-2021 | 31-03-2022 |
| ശ്രീമതി റംല.കെ.കെ | ഹെഡ് മാസ്റ്റർ ഗവ.ജി.എൽ.പി.എസ് പോത്താനിക്കാട് | 01-04-2021 | 31-03-2022 |
| ശ്രീമതി ബിന്ദു.എ.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 08-07-2021 |
| ശ്രീമതി. സീന പി.സി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-07-2021 | 08-11-2021 |
| ശ്രീമതി. ലിവിയ ലാൽജി റ്റി.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 09-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 07-10-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 07-10-2022) | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ<br>Written By: Viju M S (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 07-10-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Viju M S (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 07-10-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 07-10-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-6 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 07-10-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Viju M S (Senior Grade Auditor, On 31-08-2022)<br>Last Updated By: Viju M S (Senior Grade Auditor, On 31-08-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം<br>Written By: Viju M S (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 10-10-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 10-10-2022) | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട്<br>Written By: Praveen V.N (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 10-10-2022) | 1-11 |
| 13 | ഗ്രാമസഭ യോഗം<br>Written By: Praveen V.N (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-12 |
| 14 | ഒറ്റ തവണ കെട്ടിട നികുതി അടവാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു<br>Written By: Praveen V.N (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-13 |
| 15 | ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു<br>Written By: Praveen V.N (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-14 |
| 16 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - ലൈസൻസ് ഫീസ് ഈടാക്കുന്നില്ല<br>Written By: Praveen V.N (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-15 |
| 17 | സാമൂഹ്യ സുരക്ഷാ പെൻഷൻ അധികം നല്കി<br>Written By: Viju M S (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 10-10-2022) | 1-16 |
| 18 | സാക്ഷരത പ്രേരക്കിന് ഹോണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല.<br>Written By: Viju M S (Senior Grade Auditor, On 30-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-17 |
| 19 | വെള്ളക്കരം കുടിശ്ശിക ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയാകുന്നു. | 1-18 |

| | | |
|---|---|---|
| | Written By: Viju M S (Senior Grade Auditor, On 30-08-2022)<br>Last Updated By: Joby George (Computer Assistant, On 12-10-2022) | |
| 20 | ലൈഫ് ഭവനപദ്ധതി (പട്ടികജാതി വിഭാഗം)-ഭവനം അർഹതയില്ലാത്തവർക്ക് നല്കി<br>Written By: Viju M S (Senior Grade Auditor, On 30-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-19 |
| 21 | തെരുവ് വിളക്കുകൾ മീറ്റർ സ്ഥാപിക്കൽ പദ്ധതി - നടപടികൾ ആരംഭിച്ചിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 01-09-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-20 |
| 22 | എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല .<br>Written By: Dheeraj J (Audit Officer, On 01-09-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-21 |
| 23 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 01-09-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-22 |
| 24 | തെരുവ് വിളക്ക് വാങ്ങൽ -ഗുണനിലവാരമില്ലാത്ത തെരുവ് വിളക്കുകൾ മാറ്റിവാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Dheeraj J (Audit Officer, On 01-09-2022)<br>Last Updated By: Joby George (Computer Assistant, On 10-10-2022) | 1-23 |
| 25 | തെരുവ് വിളക്ക് പരിപാലനം -ടെൻഡർ/കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായും നിയമാനുസൃത നികുതി ഈടാക്കാതെയും കരാർ തുക നൽകിയത് ക്രമവിരുദ്ധം.<br>Written By: Dheeraj J (Audit Officer, On 01-09-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-24 |
| 26 | വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.<br>Written By: Dheeraj J (Audit Officer, On 01-09-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-25 |
| 27 | നെൽകൃഷി വികസന പദ്ധതി- അധിക തുക അനുവദിച്ചു<br>Written By: Dheeraj J (Audit Officer, On 01-09-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-26 |
| 28 | ആസ്തി സംരക്ഷണം അപാകങ്ങൾ.<br>Written By: Shaiju Mathew (Audit Officer, On 01-09-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-27 |
| 29 | കാരുണ്യസ്പർശം പദ്ധതി - രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല: തുക തടസ്സപ്പെടുത്തുന്നു.<br>Written By: Dheeraj J (Audit Officer, On 01-09-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-28 |
| 30 | പട്ടികജാതി വനിതകൾക്ക് ഇരുചക്രവാഹനങ്ങൾ -തുക തടസ്സപ്പെടുത്തുന്നു.<br>Written By: Shaiju Mathew (Audit Officer, On 01-09-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-29 |
| 31 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.<br>Written By: Shaiju Mathew (Audit Officer, On 01-09-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-30 |
| 32 | കറവ പശുവിന് കാലിത്തീറ്റ വിതരണം പദ്ധതി - അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഇല്ലാത്തയാൾക്ക് ആനുകൂല്യം നൽകി.<br>Written By: Dheeraj J (Audit Officer, On 15-09-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 1-31 |
| | ഭാഗം **2** | |
| 1 | ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത്<br>Written By: Praveen V.N (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 2-1 |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 10-10-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |

| | | |
|---|---|---|
| | Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Viju M S (Senior Grade Auditor, On 26-08-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Viju M S (Senior Grade Auditor, On 26-08-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി.<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 11-10-2022) | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Viju M S (Senior Grade Auditor, On 26-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Viju M S (Senior Grade Auditor, On 31-08-2022)<br>Last Updated By: Joby George (Computer Assistant, On 12-10-2022) | 4-10 |
| 11 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Viju M S (Senior Grade Auditor, On 26-08-2022)<br>Last Updated By: Joby George (Computer Assistant, On 10-10-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 20.02.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14.02.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 4(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

2021-2022പുതുക്കിയ ബജറ്റ് പ്രകാരം

| പ്രാരംഭ ബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 158094.00 | 97218641.00 | 97376735.00 | 96578106.00 | 798629.00 |

ബജറ്റ് പ്രകാരമുള്ള വരവും-ചെലവും, 2020-2021ലെ വാർഷിക ധനകാര്യപ്പത്രികയിലെ ഇൻകം & എക്സ് പെൻഡിച്ചർ പത്രിക പ്രകാരമുള്ള വരവ്-ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| | 2021-2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 97218641.00 | 41497100.00 | 55721541.00 |
| ചെലവ് | 96578106.00 | 40542193.00 | 56035913.00 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ വരവും തമ്മിൽ 5.57 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ തൻവർഷ ചെലവും തമ്മിൽ 5.60കോടി രൂപയുടെയും വ്യത്യാസമുണ്ട്.

വിവിധ നികുതി-നികുതിയേതര വരവുകളിൽ ബജറ്റും, യഥാർത്ഥ വരവും തമ്മിൽ ഗണ്യമായ വ്യത്യാസം ഇല്ലെങ്കിലും, വായ്പായിനത്തിലും, സംസ്ഥാനാവിഷ്കൃതഗ്രാന്റിനത്തിലും പ്രതീക്ഷിത വരുമാനത്തിൽനിന്നും വളരെ കുറവാണ് യഥാർത്ഥവരവ്. ഇതുമൂലമാണ് ബജറ്റിലെ വരവ് കണക്കുകളുമായി യഥാർത്ഥ വരവിന് വലിയ വ്യത്യാസം വന്നിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുമ്പോൾ പ്രതീക്ഷിത വരവ് യുക്തിസഹവും, യഥാർത്ഥ്യവുമാകാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2021-22 | 31.07.2022 | 23.06.2022 |

### 1-2-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിലെ അപാകതകൾ

1) വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി, ഡെപ്പോസിറ്റ് വർക്കുകളുമായി ബന്ധപ്പെട്ട് നൽകിയ അഡ്വാൻസ് ക്രമീകരിച്ചിട്ടില്ലാത്തതുമൂലം ഇവ അഡ്വാൻസായി തുടരുകയാണ്.

2) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്തിന്റെ ആസ്തികൾ സംബന്ധിച്ച പരിശോധന സാധ്യമായില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6940386.00 |
| വരവ് | 41497100.00 |
| ആകെ | 48437486.00 |
| ചെലവ് | 40542193.00 |
| നീക്കിയിരിപ്പ് | 7895293.00 |
| വരവ് നഷ്ടം | 7590രൂപ |
| ചെലവ് നഷ്ടം | ഇല്ല |
| തടസ്സപ്പെടുത്തിയ തുക | 1006663/- |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 4126129 | 4126129 | 4126129 | 0 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1493271 | 1493271 | 1449441 | | 43830 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 | |
| ധനകാര്യകമ്മീഷൻ – Performance | 0 | 398088 | 398088 | 241009 | - | 157079 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് ) | 0 | 1778000 | 1778000 | 838585 | 939415 | |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ് ) | 0 | 1185000 | 1185000 | 806392 | 378608 | |
| മെയിന്റനൻസ് ഫണ്ട് റോഡ് | 0 | 6524000 | 6524000 | 3266213 | 3257787 | |
| മെയിന്റനൻസ് ഫണ്ട് നോൺ-റോഡ് | 0 | 4853319 | 4853319 | 4853319 | 0 | |
| സാക്ഷരത | 0 | 0 | 0 | 0 | 0 | |
| അംഗൻ വാടി പൂരക പോഷകാഹാരം | 178460 | 407090 | 585550 | 483000 | 102550 | |
| ശുചിത്വമിഷൻ | 297550 | 130000 | 427550 | 130000 | 297550 | |

1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർത്തിയാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | 53195754 | 87 | 27868973 | 14 | 14 | 75.65% |

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3574.60 | 408416.00 | 411990.60 | 408608.12 | 3382.48 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 9991378.40 | 9991378.40 | 9991378.40 | - |
| ആകെ | 3574.60 | 10399794.40 | 10403369.00 | 10399986.52 | 3382.48 |

1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 3385800 | 214 |
| വിധവാപെൻഷൻ | 4794800 | 329 |
| വാർദ്ധക്യകാലപെൻഷൻ | 12642200 | 932 |
| വികലാംഗപെൻഷൻ | 2294200 | 152 |
| വിവാഹധനസഹായം | 120000 | 4 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 249600 | 15 |

1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.08.2022ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16278 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.7.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നതിന് ആവശ്യമായ ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുന്നുണ്ടെങ്കിലും ഫയലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കുവാൻ നിലവിൽ സാധിക്കുന്നില്ല.

2. ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

3. ഫ്രണ്ട് ഓഫീസിൽ കറണ്ട് ഫയൽ ജനറേറ്റ് ചെയ്യുമ്പോൾ മാത്രമേ നിലവിൽ സൂചികയിൽ എൻട്രി വരുന്നുള്ളൂ. തീർപ്പ് കൽപ്പിക്കുന്നതും വെരിഫിക്കേഷനും സംബന്ധിച്ച എൻട്രികൾ സൂചികയിൽ പ്രതിഫലിക്കുന്നില്ല. ബാക്ക് ഓഫീസ് സംവിധാനം സൂചികയിൽ പൂർണ്ണതോതിൽ പ്രവർത്തിക്കാത്തതിനാൽ ഫയലുകൾ അതത് സെക്ഷനുകളിൽ പെന്റിംഗായി കാണിക്കുന്നു.

4. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

5. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകളിന്മേൽ സമയോചിതമായ നടപടികൾ കൈക്കൊള്ളുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 24.06.2022 മുതൽ 25.06.2022 വരെ | 01.01.2022 മുതൽ 31.05.2022 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.01.2014 മുതൽ 30.01.2014 വരെ | 2008-09 മുതൽ 2012-13 വരെ | 27.03.2014 |

## 1-11 ഓഡിറ്റ് ഇംപാക്ട്

ശ്രീ. അമൽ ആദായി, തോലാനിക്കുന്നേൽ, പോത്താനിക്കാട് പി.ഒ എന്ന വ്യക്തിക്ക് 245.97 ച.മീറ്റർ നിർമ്മിത വിസ്തൃതിയിലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 03.01.2020 ലെ C5-3046/19 നമ്പർ പ്രകാരം ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതിൽ ക്രമവൽക്കരണ ഫീസ് ഈടാക്കിയതിൽ കുറവ് വന്ന തുകയായ 802/- രൂപ 31.08.2022 ലെ 1220100871 രസീത് പ്രകാരം ഈടാക്കിയിട്ടുണ്ട്.

## 1-12 ഗ്രാമസഭ യോഗം

കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഗ്രാമസഭകളും/കമ്മിറ്റികളും വിളിച്ചു ചേർക്കുന്നതിന് കഴിയാത്ത സാഹചര്യത്തിൽ 2021-22 വർഷത്തെ കാർഷിക മേഖലയിലെ പ്രോജക്ടുകളുടെ ഗുണഭോക്തക്കളെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിശ്ചയിച്ച് തദ്ദേശ സ്വയംഭരണ (ഡി.എ)വകുപ്പിന്റെ 18.06.2021 ലെ സ.ഉ(സാധാ) നം.1169/2021/ത.സ്വ.ഭ.വ പ്രകാരം ഉത്തരവായിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ 1 മുതൽ 13 വരെയുള്ള വിവിധ വാർഡുകളിൽ 11.01.2022 മുതൽ 15.01.2022 വരെയുള്ള വിവിധ തീയതികളിലായി ഒരു പ്രാവശ്യം മാത്രം ഗ്രാമസഭ യോഗം ചേർന്നിട്ടുണ്ട്.

## 1-13 ഒറ്റ തവണ കെട്ടിട നികുതി അടവാക്കാതെ വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചു

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യേണ്ടതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

എന്നാൽ 2021-22 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ ഉടമസ്ഥരിൽ നിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ സ്വീകരിക്കാതെയാണ് വസ്തുനികുതി നിർണ്ണയം നടത്തി പുതിയതായി നമ്പർ അനുവദിച്ചിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നമ്പർ, അനുവദിച്ച തീയതി | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 7/159-A<br>24.06.2021 | മിജു ജോസഫ്,<br>നിരവത്തിനാൽ,<br>കടവൂർ പി.ഒ,<br>സൗത്ത് പുന്നമറ്റം | പാർപ്പിടം |
| 2 | 7/180H<br>12.11.2021 | ബോബി അലക്സ്,<br>കൊമ്പനാൽ,<br>ഏനനല്ലൂർ പി.ഒ,<br>ആവോലി | പാർപ്പിടം |

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 30.08.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.15 ന് പ്രസ്തുത കെട്ടിട ഉടമകൾക്ക് നികുതി അടച്ചതിന്റെ രസീത് ഹാജരാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഒറ്റത്തവണ കെട്ടിട നികുതിയുടെ രസീത് ലഭ്യമാക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

.

1-14 ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചു

ശ്രീ. ദിൽ ഫിലിപ്പ്, അരിമ്പാൻചിറയിൽ പോത്താനിക്കാട് പി.ഒ എന്ന വ്യക്തി ഏനാനല്ലൂർ വില്ലേജിൽ സർവ്വേ നം. 407/2-5 ൽ 10.12 ആർ പ്ലോട്ടിൽ 739.38 ച.മീറ്റർ നിർമ്മിത വിസ്തൃതിയിലുള്ള വാണിജ്യം & പാർപ്പിടം എന്നീ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനായി 24.03.2021 തീയതിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കാതെ 01.12.2021 തീയതിലെ 1210301094 രസീത് പ്രകാരം 6347/- രൂപ പെർമിറ്റ് ഫീസ് മാത്രം ഈടാക്കിയാണ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 03.12.2021 ലെ C2-BA(303317)/2021 നമ്പർ പ്രകാരം 634.7 ച.മീറ്റർ നിർമ്മിത വിസ്തൃതിയിലുള്ള വാണിജ്യം & പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഷെഡ്യൂൾ II പ്രകാരം ഒരു ആറിന് (Ares) 750/- രൂപ നിരക്കിൽ 10.12 ആർ (Are) പ്ലോട്ടിൽ സ്ഥലം ഡെവലപ്പ് ചെയ്തതിന്റെ ഡെവലപ്പ്മെന്റ് ഫീസ് തുകയായ 7590/- രൂപ (10.12 X 750) ഈടാക്കിയിട്ടില്ല. വിശദ വിവരം ഖണ്ഡിക 2-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

.

1-15 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക II (ചട്ടം7) പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിൽ ഉൽപ്പാദന മേഖലയിൽ മൂലധന നിക്ഷേപം 25 ലക്ഷം രൂപയിൽ കൂടാത്തത്, സേവന മേഖലയിൽ മൂലധന നിക്ഷേപം 10 ലക്ഷം രൂപയിൽ കൂടാത്തത് എന്നിവയ്ക്ക് ഈടാക്കാവുന്ന വാർഷിക ലൈസൻസ് ഫീസ് 500/- രൂപയാണ്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും പട്ടിക II പ്രകാരമുള്ള വാർഷിക ലൈസൻസ് ഫീസായ 500/- രൂപ ഈടാക്കിയിട്ടില്ല.

| ക്രമ നം. | ലൈസൻസ് നം./തീയതി | സ്ഥാപനം/ഉടമസ്ഥന്റെ പേര് | ഈടാക്കേണ്ട തുക ₹ | ഈടാക്കിയ തുക ₹ | കുറവ് ₹ |
|---|---|---|---|---|---|
| 1 | 1/2021-22,<br>9.4.21 | ടീസ,<br>പോത്താനിക്കാട്<br>സജി കെ വർഗ്ഗീസ് | 500 | 300 | 200 |
| 2 | 4//2021-22,<br>3.4.21 | എസ് & എസ് സ്റ്റോഴ്സ്<br>പോത്താനിക്കാട്<br>ഷിബു ഐസക്ക് | 500 | 300 | 200 |
| 3 | 7/2021-22,<br>15.04.21 | ദി കണക്ഷൻ നെറ്റ് കഫേ,<br>പോത്താനിക്കാട്<br>ഷാജി പി.സി | 500 | 300 | 200 |
| 4 | 10/2021-22,<br>20.03.21 | ഭാരത് ബുക്കസ്,<br>പോത്താനിക്കാട്<br>രാജൻ ഡി പോൾ | 500 | 300 | 200 |
| 5 | 11/21-22,<br>20.03.21 | പെരിങ്ങാരപ്പിള്ളിൽ ട്രേഡേഴ്സ്,<br>പോത്താനിക്കാട്<br>പൗലോസ് പി.എസ് | 500 | 300 | 200 |
| 6 | 12/2021-22,<br>13.07.21 | ഫോക്കസ് ഐ. ഫിറ്റ്,<br>പോത്താനിക്കാട്<br>ജോർജ്ജ് തോമസ് | 500 | 400 | 100 |

| | | | | | |
|---|---|---|---|---|---|
| 7 | 13/2021-22, 20.03.21 | പവർ ലിങ്ക് ഇലക്ട്രിക്കൽസ്, പോത്താനിക്കാട് ജോബി ജോസഫ് | 500 | 300 | 200 |
| 8 | 16/2021-22, 20.03.21 | കൊല്ലറയ്ക്കൽ സ്റ്റോഴ്സ്, പോത്താനിക്കാട് മാത്യു കുര്യാക്കോസ് | 500 | 300 | 200 |
| 9 | 17/2021-22, 20.03.21 | ജനറൽ സ്റ്റോഴ്സ്, പോത്താനിക്കാട് സുബിനി കരീം | 500 | 300 | 200 |
| 10 | 18/2021-22, 20.03.21 | സെന്റ് മേരീസ് മെഡിക്കൽസ്, പോത്താനിക്കാട് ജിജിമോൾ വർഗ്ഗീസ് | 500 | 300 | 200 |
| 11 | 20/2021-22, 06.07.21 | അമല ബ്യൂട്ടിപാർലർ, പോത്താനിക്കാട് ലൈസാ പോൾ | 500 | 300 | 200 |
| 12 | 22/2021-22, 20.03.21 | എസ്.ജെ ടെക്സ്റ്റൈയിൽസ്, പോത്താനിക്കാട് വർഗ്ഗീസ് വി.വൈ | 500 | 400 | 100 |
| 13 | 23/2021-22, 28.04.21 | ഗുഡ് ഷെപ്പേർഡ്, പോത്താനിക്കാട് റോയി കുര്യൻ | 500 | 300 | 200 |
| 14 | 25/2021-22, 18.09.21 | യുണൈറ്റഡ് സ്റ്റോഴ്സ്, പോത്താനിക്കാട് സൂസൻ എൽദോസ് | 500 | 300 | 200 |
| 15 | 49/2021-22, 20.03.21 | കുമ്മംകോട്ടിൽ ഹാർഡ് വെയേഴ്സ്, പോത്താനിക്കാട് മാണി മത്തായി | 500 | 300 | 200 |
| 16 | 50/2021-22, 20.03.21 | കുന്നപിള്ളിൽ കോർപ്പറേഷൻ, പോത്താനിക്കാട് ചെറിയാൻ ജോസഫ് | 500 | 300 | 200 |
| 17 | 52/2021-22, 20.03.21 | അലാന ഫാഷൻസ്, പോത്താനിക്കാട് ജൂലി ജോർജ്ജ് | 500 | 300 | 200 |
| 18 | 54/2021-22, 20.03.21 | ചേന്ദംകുടിയിൽ ട്രേഡേഴ്സ്, പോത്താനിക്കാട് റിയ മാത്യൂസ് | 500 | 300 | 200 |
| 19 | 55/2021-22, 01.07.21 | സ്റ്റെല്ലാർ കൺസ്ട്രക്ഷൻ കെമിക്കൽസ്, പോത്താനിക്കാട് ജോസ് കെ സേവ്യർ | 500 | 300 | 200 |
| 20 | 57/2021-22, 20.03.21 | എസ്.ജെ ട്രേഡേഴ്സ്, പോത്താനിക്കാട് സാബു വർഗ്ഗീസ് | 500 | 300 | 200 |
| 21 | 59/2021-22, | പോൾ ഫാബ്രിക്ക്സ്, പോത്താനിക്കാട് ബേബി പോൾ | 500 | 200 | 300 |
| 22 | 62/2021-22, 13.07.21 | തോംസൺ സൂപ്പർ മാർക്കറ്റ്, പോത്താനിക്കാട് ദിപ്സൺ തോമസ് | 500 | 350 | 150 |
| 23 | 68/2021-22, 20.03.21 | ഇരുമ്പായിൽ കിഡ്സ് വെയർ, പോത്താനിക്കാട് ബൈജു ഏലിയാസ് | 500 | 300 | 200 |
| 24 | 69/2021-22, 20.03.21 | പി.ജെ ടെക്സ്റ്റൈയിൽസ്, പോത്താനിക്കാട് ഡെന്നി പോൾ | 500 | 300 | 200 |
| 25 | 74/2021-22, 20.03.21 | ചെമ്പകശ്ശേരി സ്റ്റോഴ്സ്, പോത്താനിക്കാട് ഐസക് സി.വി | 500 | 300 | 200 |

| | | | | | |
|---|---|---|---|---|---|
| 26 | 77/2021-22, 20.03.21 | ജെയിംസ് വാച്ച് ഹൗസ്, പോത്താനിക്കാട് ജെയിംസ് സി പോൾ | 500 | 300 | 200 |
| 27 | 79/2021-22, 26.7.21 | നൂനൂറ്റിൽ ഏജൻസീസ്, പോത്താനിക്കാട് മാത്യൂസ് എൻ.വി | 500 | 400 | 100 |
| 28 | 80/2021-22, 29.06.21 | സെന്റ്ജോർജ്ജ് സർവ്വീസ് സ്റ്റേഷൻ, പോത്താനിക്കാട് തോമസ് എബ്രാഹം | 500 | 300 | 200 |
| 29 | 82/2021-22, 25.08.21 | ഫിഫ ഏജൻസീസ് പോത്താനിക്കാട് നിസ്സ ഹസൻകുഞ്ഞ് | 500 | 400 | 100 |
| 30 | 97/2021-22, 07.07.21 | ഇലവുംകുടിയിൽ ഓഫ് സെറ്റ് പ്രസ്സ്, പോത്താനിക്കാട് മേരി സ്കറിയ | 500 | 300 | 200 |
| 31 | 123/2021-22, 08.09.21 | ഗ്രേസ് കമ്പ്യൂട്ടേഴ്സ്, പോത്താനിക്കാട് ബിബിൻ എബ്രാഹം | 500 | 300 | 200 |

മുകളിൽ സൂചിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള ലൈസൻസ് ഫീസ് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 30.08.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള പരമാവധി ലൈസൻസ് ഈടാക്കുന്നതിന് തുടർ നപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-16 സാമൂഹ്യ സുരക്ഷാ പെൻഷൻ അധികം നല്കി

ധനകാര്യ (എസ്.എഫ്.സി. സെൽ -ബി) വകുപ്പിന്റെ സ.ഉ. (എം.എസ്) നം. 278/2018 ധന. തീയതി 3.8.2018 പ്രകാരം മരണപ്പെട്ട ഗുണഭോക്താക്കളെ സാമൂഹ്യസുരക്ഷാ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും അടിയന്തിരമായി ഒഴിവാക്കാനും ഇത്തരത്തിൽ സർക്കാരിൽ നിന്നും അനർഹമായി കൈപ്പറ്റിയിട്ടുള്ള തുക അനന്തരാവകാശികളിൽ നിന്നും തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മരണറിപ്പോർട്ടുകൾ (2021-22) ആസ്പദമാക്കി സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം പരിശോധിച്ചതിൽ ഗുണഭോക്താക്കൾ മരണപ്പെട്ടശേഷം പെൻഷൻ അക്കൗണ്ടുകൾ സസ്പെൻറ് ചെയ്തിട്ടുണ്ടെങ്കിലും, ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും പെൻഷൻ വിതരണം ചെയ്യപ്പെട്ടതായി കാണുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.

| ക്രമ നം: | പെൻഷണറുടെ പേര് | പെൻഷൻ ഇനം | മരണം നടന്ന തിയതി | പെൻഷണർ ഐഡി | അധിക തുക കൈപ്പറ്റിയത് | സ്റ്റാറ്റസ് |
|---|---|---|---|---|---|---|
| 1 | സുഭദ്ര, കുന്നംപുറത്ത്. പോത്താനിക്കാട് | വാർദ്ധക്യ കാല പെൻഷൻ | 27.02.2021 | 106880660055 | 20800 | സസ്പെൻഡ് |
| ആകെ | | | | | 20800 | |

മുകളിൽ പറഞ്ഞ പ്രകാരം അധികം നൽകിയിട്ടുള്ള 20800/-രൂപ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 29.08.2022 ൽ നല്കിയ 12ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മരണപ്പെട്ട ഗുണഭോക്താവിന്റെ അക്കൗണ്ടിൽ നിന്ന് തുക തിരിച്ച് പിടിക്കേണ്ടതും അയത് സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്. സമാന രീതിയിൽ അപാകതകൾ മറ്റ് ഗുണഭോക്താക്കളുടെ കാര്യത്തിൽ സംഭവിച്ചിട്ടുണ്ടോയെന്നും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

### 1-17 സാക്ഷരത പ്രേരക്കിന് ഹോണറേറിയം നൽകിയത് തിരികെ ലഭിച്ചില്ല.

സാക്ഷരത പ്രേരക് മാർക്കുള്ള ഹോണറേറിയത്തിനുള്ള സർക്കാർ വിഹിതം, സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഹോണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുന്നതിനാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626 /2021 ൽ പറയുന്നുണ്ട്. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സാക്ഷരത പ്രേരക്മാരായ ശ്രീമതി ഷാന്റി പി.എൻ. ന് ഫെബ്രുവരി 2021, മാർച്ച് 2021എന്നീ മാസങ്ങളിലെ ഹോണറേറിയം നല്കുന്നതിന് യഥാക്രമം 16.04.2021 ലെ ചെക്ക് നം 02058605 പ്രകാരം 6216 രൂപയും 29.04.2021 ലെ ചെക്ക് നം 02058612 പ്രകാരം 6216 രൂപയുൾപ്പെടെ 12432 രൂപ നല്കിയിട്ടുണ്ട്. ആയത് തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ 25.08.2022 ലെ 1-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ അടിയന്തരമായി തന്നെ തുക ഈടാക്കി തനത് ഫണ്ടിൽ അടവാക്കേണ്ടതാണ്.

### 1-18 വെള്ളക്കരം കുടിശ്ശിക ഗ്രാമപഞ്ചായത്തിന് ബാദ്ധ്യതയാകുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ മാർച്ച് മാസത്തെ വെള്ളക്കരക്കുടിശ്ശിക കേരള സംസ്ഥാന വാട്ടർ അതോറിറ്റിയുടെ 05.03.2022 ലെ ബിൽ നം 61023 പ്രകാരം 1,66,15,693/- രൂപയാണ്. നിലവിൽ പഞ്ചായത്ത് പരിധിയിൽ ആകെ 9 പൊതുടാപ്പുകളാണുള്ളത്. ആയതിന് 4341/- രൂപയാണ് പ്രതിമാസ വെള്ളക്കരം. ഇത് പഞ്ചായത്ത് കൃത്യമായി അടവാക്കുന്നുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ അടവാക്കാതിരുന്ന ഏതോ ബില്ലിന്റെ തുകയും അതിന്റെ മാസം തോറുമുള്ള പിഴപ്പലിശയുമാണ് വെള്ളക്കരക്കുടിശ്ശിക ഇത്രയും ഭീമമായ തുകയായി വർദ്ധിക്കുവാൻ കാരണം. ഭീമമായ വെള്ളക്കരം തീർക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് കമ്മിറ്റിയോ, സെക്രട്ടറിയോ വാട്ടർ അതോറിറ്റിയുമായി കത്തിടപാടുകളോ, ചർച്ചയോ, തുടർനടപടികളോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയത് ഓഡിറ്റിനെ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 25.08.2022 ൽ നല്കിയ 2-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയായി വെള്ളക്കരം നിലവിലുള്ള രീതിയിൽ വൻതുകയായത് വാട്ടർ അതോറിറ്റി ചുമത്തിയ പിഴപ്പലിശ മൂലമാണ് എന്നറിയിച്ചിട്ടുണ്ട്. ഈ പിഴത്തുക വാട്ടർ അതോറിറ്റി ഒഴിവാക്കി നല്കിയാൽ ബാക്കിത്തുക തവണകളായി അടക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കുന്നതാണെന്ന് 13.12.2021 ലെ 14(1) നമ്പർ തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ വർഷത്തിലും വർദ്ധിച്ചുവരുന്ന പിഴപ്പലിശ ചൂണ്ടിക്കാട്ടിയും കുടിശ്ശിക കണക്കും രേഖപ്പെടുത്തി വാട്ടർ അതോറിറ്റിക്ക് കത്ത് നല്കിയിട്ടുണ്ടെന്നുമാണ് മറുപടി നല്കിയത്. താരതമ്യേന സാമ്പത്തിക ബുദ്ധിമുട്ടുകളുള്ള ഗ്രാമപഞ്ചായത്തായതിനാൽ വെള്ളക്കരക്കുടിശ്ശികയിനത്തിൽ വികസന ഫണ്ടിന്റെ ഉറവിടത്തിൽ നിന്നും തുക കുറവ് ചെയ്യുന്നത് വികസന പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പിഴപ്പലിശ ഒഴിവാക്കി യഥാർത്ഥ വെള്ളക്കരം മാത്രം അടവാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 1-19 ലൈഫ് ഭവനപദ്ധതി (പട്ടികജാതി വിഭാഗം)-ഭവനം അർഹതയില്ലാത്തവർക്ക് നല്കി

| | |
|---|---|
| പ്രോജക്ട് നം, പേര് | 78/21-22, ലൈഫ് ഭവനപദ്ധതി |
| അടങ്കൽ , ഫണ്ട്,ചെലവ് | വികസന ഫണ്ട് (എസ്.സി.പി) 50721<br>സംസ്ഥാനാവിഷ്കൃത ഫണ്ട് - 4160000,<br>ബ്ലോക്ക് പഞ്ചായത്ത്- 920000<br>ജില്ലാ പഞ്ചായത്ത്- 2416964<br>മറ്റുള്ളവ - 6330000<br>ആകെ 13877685 |
| ചെലവ്. ബിൽ നം, തീയതി | 640000/- ചെക്ക് നം .785189തീയതി 07.07.21 (സംസ്ഥാനം )<br>1280000, ചെക്ക് നം .785188തീയതി 07.07.21 (സംസ്ഥാനം )<br>160000, ചെക്ക് നം .271401തീയതി 03.02.22 (സംസ്ഥാനം )<br>220000, ചെക്ക് നം .271402തീയതി 03.02.22 (സംസ്ഥാനം )<br>ആകെ 2300000 ( സംസ്ഥാനം )<br>496381, ചെക്ക് നം .271396 തീയതി 03.02.22 (ഹഡ്കോ ലോൺ)<br>271704,(BRN) 21120852004800511299,തീയതി 12.10.2021,(ബ്ലോക്ക് )<br>180000,(BRN) 21120852004800807381,തീയതി 18.12.2021,(ബ്ലോക്ക് )<br>60000,(BRN) 21120852004800828710,തീയതി 22.12.2021,(ബ്ലോക്ക് )<br>100000,(BRN) 21120852004801471524,തീയതി 22.12.2021,(ബ്ലോക്ക് )<br>ആകെ 611704 (ബ്ലോക്ക് )<br>50000,(BRN) 2112085200480 1339581,തീയതി 16.03.2022,(എസ്.സി.പി)<br>40000,(BRN) 21120852004800524967.തി 16.10.2021, (ജില്ലാ)<br>40000,(BRN) 21120852004800551816.തി 23.10.2021(ജില്ലാ) |

| | |
|---|---|
| | 360000,(BRN) 21120852004800739136.തി 03.12.2021(ജില്ലാ)<br>80000,(BRN) 21120852004801082685 .തി 08.02.2022(ജില്ലാ)<br>40000,(BRN) 21120852004801117948.തി 14.02.2022(ജില്ലാ)<br>458296,(BRN) 21120852004801459005.തി 25.03.2022(ജില്ലാ)<br>20000,(BRN) 21120852004801519855.തി 30.03.2022(ജില്ലാ)<br>160000,(BRN) 21120852004801928826.തി 12.01.2022(ജില്ലാ)<br>ആകെ 1198296 (ജില്ലാ ) ആകെ ചെലവ് . 4656381 |
| നിർവ്വഹണോദ്യോസ്ഥൻ | വി.ഇ.ഒ പോത്താനിക്കാട് |

2019-20 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അധിവസിക്കുന്ന ഭൂരഹിതരായിട്ടുള്ള കുടുംബങ്ങൾക്ക് ഒന്നാം ഘട്ടത്തിൽ സ്ഥലം വാങ്ങി നല്കുന്നതിനും രണ്ടാം ഘട്ടത്തിൽ ഭവനം നിർമ്മിച്ച് നല്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് മേൽ പരാമർശിച്ചിട്ടുള്ള പദ്ധതി. ആയത് പ്രകാരം ഗ്രാമപഞ്ചായത്തിലെ 5ാം വാർഡിൽ താമസിക്കുന്ന ശ്രീ.എം.കെ.രാജു, (ഓമന രാജു) മനക്കക്കുടിയിൽ, പോത്താനിക്കാട് എന്ന വ്യക്തി ആദ്യ ഘട്ടത്തിൽ ഭൂരഹിതരായിട്ടുള്ള പട്ടിക ജാതി വിഭാഗത്തിൽ (പ്രോജക്റ്റ് നം. 122) ഉൾപ്പെടുന്ന കുടുംബങ്ങളുടെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുകയും ടിയാൻ പോത്താനിക്കാട് കരയിൽ സർവ്വേ 714/5/5 നമ്പരിലുൾപ്പെട്ട 1.21 ആർ സ്ഥലം വാങ്ങുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയും പ്രകാരമുള്ള തുക ഭൂമി നല്കിയ വ്യക്തിയായ ശ്രീമതി ശ്യാമള.കെ.ആർ. എന്ന വ്യക്തിയുടെ 67198511818 എന്ന അക്കൗണ്ടിലേക്ക് നല്കി.

| വർഷം | ബി.ആർ.എൻ | തീയതി | തുക |
|---|---|---|---|
| 2019-20 | 19120852004800974634 | 20.01.2019 | 200000 |

തുടർന്ന് 2020-21 ൽ ലൈഫ് ഭവന നിർമ്മാണം എന്ന പ്രോജക്റ്റ് നം 19/2020-21 ൽ പ്പെടുത്തി ടിയാന് താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

| വർഷം | ബി.ആർ.എൻ | തീയതി | തുക |
|---|---|---|---|
| 2020-21 | 201208552004800755775 | 20.11.2020 | 40000 |
| 2020-21 | 201208552004801174332 | 24.02.2021 | 29294 |
| 2020-21 | ചെക്ക് നം 785174 | 05.03.2021 | 70706 |
| 2020-21 | ചെക്ക് നം 785177 | 10.03.2021 | 60000 |
| ആകെ | | | 200000 |

കൂടാതെ തൻ വർഷം ഭവന നിർമ്മാണത്തിനായി താഴെപ്പറയും പ്രകാരം 100000 രൂപ നല്കിയിട്ടുണ്ട്.

| വർഷം | ബി.ആർ.എൻ | തീയതി | തുക |
|---|---|---|---|
| 2021-22 | 201208552004800926626 | 12.01.2022 | 40000 |
| 2021-22 | 201208552004801117948 | 14.02.2022 | 40000 |
| 2021-22 | 201208552004801519855 | 30.03.2022 | 20000 |
| ആകെ | | | 100000 |

2020-21 സാമ്പത്തിക വർഷത്തിൽ ടിയാന്റെ ഫയൽ പരിശോധിച്ച വേളയിൽ പ്രസ്തുത ഗുണഭോക്താവ് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ഭവന നിർമ്മാണത്തിന് സഹായം ലഭിച്ചിട്ടില്ല എന്ന രേഖ ഹാജരാക്കിയിരുന്നില്ല. ആയത് ചൂട്ടിക്കാട്ടി ഓഡിറ്റ് ടീം 04.10.2021 ൽ 18-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയിരുന്നു. രേഖകൾ അടിയന്തരമായി ബന്ധപ്പെട്ട വകുപ്പിൽ നിന്ന് വാങ്ങിയിട്ടോളാമെന്ന് മറുപടി ലഭ്യമാക്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കോതംമഗലം ബ്ലോക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്നും 09.11.2021 ൽ ഹാജരാക്കിയ കെ.എം1/21 സർട്ടിഫിക്കറ്റ് പ്രകാരം 2007-08 സാമ്പത്തിക വർഷത്തിൽ ടിയാന് ഭവനനിർമ്മാണത്തിന് സാമ്പത്തിക സഹായം പട്ടികജാതി വികസന വകുപ്പിൽ നിന്ന് നല്കിയിട്ടുണ്ടെന്നറിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശിക്കുന്ന രേഖകൾ ഹാജരാക്കാതെയും ആയത് പരിശോധിക്കാതെയും ഗുണഭോക്താവിനെ തിരഞ്ഞെടുത്തതിനാലുമാണ് അർഹതയില്ലാത്ത ഗുണഭോക്താവിന് സ്ഥലവും, വീടും അനുവദിക്കേണ്ടി വന്നത്. മേൽ പരാമർശങ്ങൾക്ക് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 26.08.2022 ൽ നല്കിയ 3-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, പോത്താനിക്കാട് ഗ്രാമപഞ്ചായത്തില ഭൂരഹിത-ഭവന രഹിതരുടെ ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ട മേൽ ഗുണഭോക്താവിന്റെ (ലൈഫ് ഐ.ഡി നമ്പർ എൽ.എഫ്. 1543572/7/688/6) ഭവന നിർമ്മാണം ലിന്റിൽ ലെവൽ വരെയെത്തിയിട്ടുണ്ടായിരുന്നെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ മേൽക്കൂര വാർക്കുന്നതിന് തുക

അനുവദിക്കുകയാണ് ചെയ്തതെന്നുമാണ് മറുപടി ലഭ്യമാക്കിയത്.

2007-08 ൽ പട്ടികജാതി വകുപ്പിൽ നിന്ന് മേൽ ഗുണഭോക്താവിന് ഭവനനിർമ്മാണത്തിന് ആനുകൂല്യം ലഭിച്ചതിനാൽ ടിയാരിക്ക് 8 വർഷത്തിന് ശേഷം ഭവന പുനരുദ്ധാരണത്തിന് മാത്രമേ തുക അനുവദിക്കാവൂ എന്നിരിക്കെ സ്ഥലം വാങ്ങുവാനും, പുതിയ ഭവനനിർമ്മാണത്തിനും തുക അനുവദിച്ചത് ക്രമപ്രകാരമല്ല. 29.08.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന കോ-ഓർഡിനേഷൻ കമ്മറ്റിയുടെ NO.10/2019/SRG/LSGD(3) തീരുമാനത്തെ അടിസ്ഥാനമാക്കി തദ്ദേശസ്വയം ഭരണ വകുപ്പ് പുറത്തിറക്കിയ 26.09.2019 ലെ LSGDDB1/304/2019 സർക്കുലറിനുള്ള സ്പഷ്ടീകരണം 1 ന് " ലൈഫ് ഭവന പദ്ധതിയുടെ ഭൂരഹിത ഭവന രഹിത പട്ടികയിൽ ഉൾപ്പെടുന്ന ഗുണഭോക്താക്കളുടെ രേഖാ പരിശോധന പൂർത്തികരിച്ചതിന് ശേഷമാണ് ലൈഫ് മിഷന്റെ ഭാഗമാക്കേണ്ടതെന്ന് നിഷ്കർഷിക്കുന്നു". കൂടാതെ പ്രസ്തുത സ്പഷ്ടീകരണത്തിലെ ക്രമ നമ്പർ 14 ൽ "മുൻപ് സർക്കാരോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നല്കിയ ഭൂമിയോ, വീടോ വിൽപ്പന നടത്തുകയോ, നിയമാനുസൃത അവകാശികൾക്കൊഴികെ കൈമാറ്റം ചെയ്ത ഭൂരഹിതരായവർക്ക് വീണ്ടും ഭൂമി നല്കുവാൻ പാടില്ലാ"യെന്ന് നിഷ്കർഷിക്കുന്നു". ആയതിനാൽ ഈ പദ്ധതിക്കായി 2021 സാമ്പത്തിക വർഷം വരെ ഭൂമി വാങ്ങുന്നതുൾപ്പെടെ 500000 രൂപ ചെലവഴിച്ചിട്ടുണ്ട്. തുടർ വർഷത്തിൽ തുക നല്കിയിട്ടുണ്ടെങ്കിൽ ആയതുമുൾപ്പെടെ അനർഹമായി കൈപ്പറ്റിയ തുക ഗുണഭോക്താവിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഹെഡുകളിലേക്ക് അടവാക്കേണ്ടതാണ്. അല്ലായെങ്കിൽ ആയത് നിർവ്വഹണം നടത്തിയ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്. ആയതിനാൽ ഈ പദ്ധതി നടത്തിപ്പിലെ ക്രമക്കേടിന് തുടർനടപടികൾ സ്വീകരിക്കുന്നത് വരെ ഇതുവരെ ചെലവഴിച്ച 500000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റി 3 മാസത്തിനകം ഗുണഭോക്താവിൽ നിന്നും തുക ഈടാക്കി ബന്ധപ്പെട്ട ഹെഡ്ഡിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം അനർഹമായി നൽകിയ തുകയുടെ ഉത്തരവാദിത്വം നിർവ്വഹണോദ്യോഗസ്ഥരുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

1-20 തെരുവ് വിളക്കുകൾ മീറ്റർ സ്ഥാപിക്കൽ പദ്ധതി - നടപടികൾ ആരംഭിച്ചിട്ടില്ല.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 75/2021-22 |
| പദ്ധതി | സ്ട്രീറ്റ് ലൈറ്റുകൾ മീറ്റർ സ്ഥാപിക്കൽ. |
| അടങ്കൽ | 330000/-<br>329865/- (ധന കമ്മീഷൻ ഗ്രാന്റ്)<br>135/- (തനത്ഫണ്ട്) |
| ചെലവ് | 325208/- |
| ബിൽ /വൗച്ചർ തിയ്യതി, തുക | XV/FC/2020-21/P/19/22.3.22,<br>325208/- |

മേൽ പദ്ധതി പ്രകാരം 26 മീറ്ററുകൾ സ്ഥാപിക്കുന്ന പ്രവർത്തിക്കായാണ് കെ.സ്.ഇ.ബി. യിലേക്ക് തുക അടവാക്കിയിട്ടുള്ളത്. കെ.സ്.ഇ.ബി. യുമായി കരാർ ചമച്ചത് 23.3.022 ലാണ്. കരാർ ചമച്ച് തുക അടവാക്കി അഞ്ച് മാസത്തിലധികമായിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനാൽ തുടർ നടപടികൾ നിരീക്ഷിക്കേണ്ടതും പദ്ധതി പൂർത്തീകരണം സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിൽ അറിക്കേണ്ടതുമാണ്.

1-21 എസ്.എസ്.കെ. പദ്ധതി - വിനിയോഗ വിവരങ്ങൾ മോണിറ്ററിംഗ് ഫലപ്രദമല്ല .

| | |
|---|---|
| നിർവ്വഹണം | ഹെഡ്മാസ്റ്റർ. |
| പ്രോജക്ട് നമ്പർ | 5/2021-22 |
| അടങ്കൽ | 150000/-(പ്ലാൻ-ജനറൽ) |
| ചെലവ് | 150000/- |
| ബിൽ നം. | 649172/15.11.21 |

പഞ്ചായത്ത് പരിധിയിലെ സ്കൂളുകളുടെ പ്രവർത്തനങ്ങൾക്കാവശ്യമായ തുകയുടെ പഞ്ചായത്തു വിഹിതം മേൽ ബിൽ മുഖാന്തിരം എസ്.എസ്.കെ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ തുക ഏതെല്ലാം ആവശ്യങ്ങൾക്ക് ഉപയോഗിച്ച എന്നതു സംബന്ധിച്ച വിവരങ്ങൾ അടങ്ങിയ വിനിയോഗ വിവരം ലഭ്യമല്ല. 2021-22 -ലെ മൊത്തം പ്രവർത്തന കലണ്ടർ മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. പദ്ധതി പ്രവർത്തനത്തിന്റെ മോണിറ്ററിംഗ് ചുമതലകൾ നിർവ്വഹിക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പ്, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ പങ്കുവഹിച്ചതായി കാണുന്നില്ല. 29.01.2018 ലെ സ.ഉ(കൈ) 11/2018/ത.സ്വ.ഭ.വ നമ്പറായുള്ള പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ ഖണ്ഡിക 7.6.(3) പ്രകാരം എസ്.എസ്.കെ ക്ക് സർക്കാർ നിശ്ചയിച്ച തുക വകയിരുത്തണമെങ്കിലും പദ്ധതികളുടെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖ്യ പങ്ക് വഹിക്കേണ്ടതുണ്ട്. എന്നാൽ അത്തരത്തിലുള്ള പങ്കാളിത്തം ഉണ്ടായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾക്കാവശ്യമായ പദ്ധതികൾ എസ്.എസ്.കെ പദ്ധതിയിലേയ്ക്ക് ഗ്രാമപഞ്ചായത്ത് ശുപാർശ ചെയ്തിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ സംബന്ധിച്ച് അവസ്ഥാവിശകലനം നടത്താതെയും നിർദ്ദേശങ്ങൾ നൽകാതെയുമാണ് തുക കൈമാറിയിട്ടുള്ളത്. ഈ തുക ഏതെല്ലാം രീതിയിലാണ് പഞ്ചായത്ത് പരിധിയിൽ ഉപയോഗപ്രദമാക്കിയതെന്നും 2021-22 -ലെ വിശദമായ വിനിയോഗ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്.

1-22 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല.

പ്രൊജക്റ്റ് നം: 21/22

പ്രൊജക്റ്റിന്റെ പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ.

ചെലവ് തുക: 250000/-രൂപ.

ബിൽ നം: 50688800501210001 തീ.20.12.2021

ഹോമിയോ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മുകളിൽ പറഞ്ഞ വിധം 250000രൂപ കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ നാളിതുവരെയും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (9/26.8.2022) മറുപടിയായി മരുന്നുകൾ ലഭ്യമാകുന്നതിനുള്ള ക്യൂലിസ്റ്റിൽ ഡിസ്പെൻസറി 791-ാം നമ്പറായി ഉൾപ്പെട്ടതായും താമസിയാതെ മരുന്ന് ലഭ്യമാകുമെന്നും അറിയിച്ചിട്ടുണ്ട്. ചെലവഴിച്ച തുകയായ 250000 തടസ്സപ്പെടുത്തുന്നു.

## 1-23 തെരുവ് വിളക്ക് വാങ്ങൽ -ഗുണനിലവാരമില്ലാത്ത തെരുവ് വിളക്കുകൾ മാറ്റിവാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് 2020-21 വർഷത്തിലെ പ്രൊജക്റ്റ് നം.70/21 ന്റെ ഭാഗമായി തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി താഴെ പറയുന്ന സാധനങ്ങൾ ട്രാൻസ്റ്റോം ഇലക്ട്രിക്കൽസ് കളമശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | ഇനം | എണ്ണം. | തുക |
|---|---|---|---|
| 1 | Aluminium Service Wire 1.5SMM | 6300 | 16799.36 |
| 2 | 9W Bulb Cool B22 | 550 | 24757.04 |
| 3 | 23 W Bulb Cool White B22 | 300 | 102298.56 |
| 4 | Bulb Shade | 300 | 4439.16 |
| 5 | Pended Holder | 500 | 6997.40 |
| 6 | Blacklight Fuse 32A | 70 | 12599.80 |

എന്നാൽ മുകളിൽ പറഞ്ഞിരിക്കുന്ന സാധനങ്ങളിൽ Pended Holder,Bulb Shade എന്നിവ തീരെ ഗുണനിലവാരം കുറഞ്ഞവയാണെന്നും കൂടാതെ വിതരണം ചെയ്തിരിക്കുന്ന എൽ.ഇ.ഡി ബൾബുകളിൽ മിക്കതും കേടായിരിക്കുകയാണെന്നും ആയത് മാറ്റി നല്കിയിട്ടില്ലയെങ്കിൽ അത് കരാർ ഉടമ്പടിയുടെ ലംഘനമായതിനാൽ നിയമനടപടികൾ സ്വീകരിക്കുമെന്നും കൂടാതെ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ റദ്ദ് ചെയ്ത് സ്ഥാപനത്തെ കരിമ്പട്ടികയിൽ പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ച് 16.7.2021ലെ സി.4/01 /2022കത്ത് മുഖേന സ്ഥാപനത്തെ അറിയിച്ചതായി കാണുന്നുണ്ട്.

ഉപകരണങ്ങൾ ലഭ്യമാക്കിയിരിക്കുന്നത് 31.3.2021നാണ്. ഇവക്ക് ഒരു വർഷ ഗ്യാരണ്ടിയും ടെൻഡർ രേഖകളിൽ ഉറപ്പ് നൽകിയിട്ടുള്ളതാണ്.എങ്കിലും കേടായ ബൾബുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ മാറ്റിനൽകിയതായി കാണുന്നില്ല.സ്ഥാപനത്തിൽനിന്നും ലഭ്യമാക്കിയ സെക്യൂരിറ്റി തുക കണ്ടുകെട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതോടൊപ്പം കേടായ ഉപകരണങ്ങൾ മാറ്റി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ഉപകരണങ്ങൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/31.8.2022)മറുപടി ലഭ്യമാക്കുകയുണ്ടായില്ല.)

## 1-24 തെരുവ് വിളക്ക് പരിപാലനം -ടെൻഡർ/കരാർ വ്യവസ്ഥകൾക്ക് വിരുദ്ധമായും നിയമാനുസൃത നികുതി ഈടാക്കാതെയും കരാർ തുക നൽകിയത് ക്രമവിരുദ്ധം.

പ്രൊജക്റ്റ് നം. 74/22

അടങ്കൽ :150000/-രൂപ(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

ചെലവ് തുക: 149955/-രൂപ( വൗച്ചർ നം.XVFC/2021-22/P/20തീ.25.3.2022)

2021-22 വർഷത്തിൽ തെരുവ് വിളക്ക് മെയിന്റനൻസിനായി ടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കൊല്ലപ്പിള്ളിയിൽ ഇലക്ട്രിക്കൽസ്, പോത്താനിക്കാട് എന്ന സ്ഥാപനത്തെ തെരഞ്ഞെടുക്കുകയും ടിയാനിൽനിന്നും 15000രൂപ ഡെപ്പോസിറ്റ് സ്വീകരിച്ച് തൻവർഷത്തേക്കുള്ള കരാർ നൽകുകയും ചെയ്തിട്ടുണ്ട്.(കരാർ നമ്പർ ഇല്ല/തീ.5.2.2022)

വിശദാംശങ്ങൾ താഴെ.

| ഇനം | നിരക്ക് | എണ്ണം(ഫയൽ പ്രകാരം) | തുക |
|---|---|---|---|
| 23 W ബൾബ്(LED) | 475 രൂപ | 97 | 46075 |
| 9 W ബൾബ്(LED) | 280 രൂപ | 371 | 103880 |
| ആകെ | | | 149955 |

ഫയൽ പരിശോധനയിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1)തെരുവ് വിളക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

2020-21 ൽ പുതുതായി വാങ്ങിയ തെരുവ് വിളക്കുകളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

മുൻവർഷങ്ങളിൽ വാങ്ങിയതും പരിപാലിച്ച് വരുന്നതുമായ മറ്റ് തെരുവ് വിളക്കുകകളുടെ വിവരങ്ങൾ ലഭ്യമല്ല.

2)കരാർ ഉടമ്പടിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാറുകാരന് ഒറ്റത്തവണയായി തുക നല്കി.

കരാർ കാലാവധി 5.2.2022 മുതൽ 4.2.2023 വരെയാണ്. കരാറിലെ 10-ാം നമ്പർ വ്യവസ്ഥ പ്രകാരം AMC പ്രകാരമുള്ള ആനുപാതിക തുക മൂന്ന് മാസം കൂടുമ്പോൾ മാത്രമാണ് നൽകേണ്ടത്. ടെൻഡർ വ്യവസ്ഥയിലെ ക്രമ നം.3 ലും സമാന വ്യവസ്ഥയാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ മുകളിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം കരാർ ചമച്ച് രണ്ട് മാസത്തിനകം(25.3.2022ന്) മുഴുവൻ തുകയും നൽകി. വാർഡ് മെമ്പർമാർ 2022ഫെബ്രുവരി മാസത്തിൽ തന്നെ മുഴുവൻ തെരുവ് വിളക്കുകളും മാറ്റി സ്ഥാപിച്ചതായിട്ടുള്ള സാക്ഷ്യപത്രം നൽകിയതിനെതുടർന്നാണ് ഇപ്രകാരം നൽകിയിരിക്കുന്നത്. ഒരു വർഷം മുഴുവൻ കാലാവധി ഉള്ള ഒരു കരാർ ഉടമ്പടിയുടെ ഭാഗമായ തെരുവ് വിളക്ക് പരിപാലനം ഏകദേശം ഒന്നര മാസം കൊണ്ട് പൂർത്തീകരിച്ചുവെന്ന സാക്ഷ്യ പത്രം നൽകുവാനുണ്ടായ സാഹചര്യം വ്യക്തമല്ല.

3) 05.02.2022 ന് ചമച്ച കരാറിന്റെ കാലാവധി ഒരു വർഷമാണെന്നിരിക്കെ (04.02.2023 വരെ) 2022 ഏപ്രിൽ 1 മുതൽ നാളിതുവരെയുള്ള തെരുവ് വിളക്ക് പരിപാലനത്തിന് നൽകുന്നതിനായി തുകയൊന്നും അവശേഷിക്കാതിരിക്കെ തുടർമാസങ്ങളിൽ തെരുവ് വിളക്ക് പരിപാലനം നിർവ്വഹിച്ചതെങ്ങനെയെന്ന് വ്യക്തമാക്കിയിട്ടില്ല.

4)18.11.2021ലെ ജി.എസ്.ടി നോട്ടിഫിക്കേഷൻ(ഭേദഗതി)പ്രകാരം 12%ഉണ്ടായിരുന്ന ഏതാനും ഇനങ്ങൾക്കും ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കിയിരുന്ന PURE SERVICES നും 18%ജി.എസ്.ടി ഈടാക്കേണ്ടതാണ്. എന്നാൽ കരാറുകാരനിൽനിന്നും ജി.എസ്.ടി ഇനത്തിൽ 1%മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

മുകളിൽ കാണിച്ചിരിക്കുന്ന അപാകങ്ങൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം25/31.8.2022) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. കരാർ ഉടമ്പടിക്ക് വിരുദ്ധമായും നിയമാനുസൃത നിരക്കിൽ നികുതി ഈടാക്കാത്തിന്റെയും കാരണം വ്യക്തമാക്കേണ്ടതും സ്വീകരിച്ച തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-25 വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് ഐ.കെ.എം. വിഹിതമായി നൽകിയ താഴെ പറയുന്ന തുകകൾക്ക് നാളിതുവരെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| പ്രൊജക്ട് നം. | 2/22 |
| നിർവ്വഹണം | സെക്രട്ടറി |
| ബിൽനം.,തിയ്യതി | 247547/28.07.21 |
| തുക | 27733/- |

തുക അടവാക്കിയതിന്റെ കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 27733/- തടസ്സപ്പെടുത്തുന്നു .

1-26 നെൽകൃഷി വികസന പദ്ധതി- അധിക തുക അനുവദിച്ചു

| | |
|---|---|
| പദ്ധതി. 15/21-22 | നെൽകൃഷി വികസനം |
| നിർവ്വഹണം | കൃഷി ഓഫീസർ |
| 1) ബിൽ നം. തുക | 40000/3.3.22, 60000/- |
| 2) ബിൽ നം. തുക | 107680/27.1.22, 130000/- |
| അടങ്കൽ | 130000 (വികസന ഫണ്ട്,<br>88000 (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ചെലവ് | 130000/- (വികസനഫണ്ട്)<br>60000/- (ജില്ലാ പഞ്ചായത്ത് വിഹിതം) |

മേൽ ക്രമ നം 1, 2 എന്നിവ പ്രകാരം 27 പേർക്കാണ് നെൽകൃഷി കൂലി ചെലവ് അനുവദിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ അപേക്ഷ പരിശോധിച്ചതിൽ കണ്ട ന്യൂനതകൾ താഴെ ചേർക്കുന്നു.

1) ഒരപേക്ഷയിലും കൃഷി ഓഫീസർ പരിശോധിച്ച് തുക അനുവദിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഉദാ. ജോർജ് പി.എം,പറാംകുന്നേൽ, പുലിന്താനം.

2) നികുതി ശീട്ടിലെ വിസ്തീർണ്ണം കണക്കാക്കി തുക അനുവദിച്ചത് ശരിയല്ല. സർക്കാർ മാർഗ്ഗരേഖ പ്രകാരം ഭൂവിസ്തൃതിക്കനുസരിച്ചായിരിക്കണം ചെലവ് തുക അനുവദിച്ച് നൽകേണ്ടത്. നികുതി ശീട്ടിൽ പുരയിടമായുള്ള ഭൂമി ഉൾപ്പെടെ നിലമായി കണക്കാക്കി ആനുകൂല്യം അനുവദിച്ചു. ശ്രീ. പൈലി കെ.സി. യുടെ നികുതി ശീട്ട് പ്രകാരം നിലമായ സ്ഥലം 41.29ആർ മാത്രമാണ്. നികുതി ശീട്ട് പ്രകാരം ശേഷിക്കുന്ന ഭൂമി 27.92ആർ പുരയിടമാണ്.

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് നിലത്തിനൊപ്പം പുരയിടമായി രേഖപ്പെടുത്തിയ സ്ഥലത്തിനും കൂടി ചേർത്ത് കൂലിച്ചെലവ് നൽകുകയുണ്ടായി.

| ക്രമ നം | പേര്. | നികുതിചീട്ടിലെ നിലത്തിന്റെ അളവ് | അനുവദിക്കേണ്ട സ്ഥലം (നിലം) | അനുവദിച്ച തുക | അനുവദിക്കേണ്ടിയിരുന്ന തുക (74/ആർ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | പൈലി.കെ.സി. | 41.29ആർ | 103.225 സെന്റ് | 11692 | 7638/- |
| 2 | ജോർജ് പി.എം. | 6.68 ആർ | 16.7 സെന്റ് | 3700/- | 1235/- |

ഗുണഭോക്താക്കളുടെ അപേക്ഷയിൽ സ്ഥല പരിശോധന നടത്തിയ കൃഷി അസിസ്റ്റന്റ് തുക അനുവദിച്ച അപേക്ഷകളിൽ ഒന്നും തന്നെ ഒരു തവണകൃഷിയിൽ കൂടുതൽ ഒരു വർഷം കൃഷി ചെയ്തതായി പരിശോധനാ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുമില്ല. കൃഷി ഓഫീസർ വിശദീകരിച്ച പ്രകാരം തൻവർഷം ലഭിച്ച വികസന ഫണ്ട് 8 ഹെക്ടർ നിലത്തിന് കൂലിച്ചെലവായി കണക്കാക്കി അപ്രകാരം ഒരു സെന്റിന് ലഭ്യമായ തുക 44/- രൂപയും ജില്ലാ പഞ്ചായത്തിൽ നിന്ന് ലഭ്യമായ തുക സെന്റിന് 30/- രൂപയുമാണ്. അപ്രകാരം ഗുണഭോക്താവ് ലഭ്യമാക്കിയ നികുതി ശീട്ട് കണക്കാക്കി പുരയിടം ഉൾപ്പെടെ ഉള്ളനികുതിച്ചീട്ടിലെ വിസ്തൃതിക്കനുസൃതമായുള്ള തുകയാണ് ഒരു സീസണിൽ അനുവദിച്ചിട്ടുള്ളത്.
പദ്ധതി നിർവ്വഹണത്തിലുണ്ടായ മേൽ പറഞ്ഞ ന്യൂനതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(18/31.08.22) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ക്രമനമ്പർ 1, 2 പ്രകാരം അധികം നൽകിയ ചെലവ് തുക 6519 രൂപ (4054+2465) തടസ്സപ്പെടുത്തുന്നു.

## 1-27 ആസ്തി സംരക്ഷണം അപാകങ്ങൾ.

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധ്യക്ഷൻ ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിൽ ഇത് നടന്നിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിരിക്കുന്ന ഡിജിറ്റൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങളും പൂർണ്ണമല്ല. ഉദാഹരണമായി ഗ്രാമപഞ്ചായത്തിന് 24 സ്ഥലങ്ങളിലായി ഏകദേശം അഞ്ച് ഏക്കറിലധികം വിസ്തീർണ്ണത്തിൽ സ്ഥലമുണ്ടെന്ന് ഇതിൽ പറയുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നിലനിൽക്കുന്ന സ്ഥലം ഉൾപ്പെട്ടതായി കാണുന്നില്ല.

കൂടാതെ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലങ്ങൾക്ക് ഭൂനികുതി ഒടുക്കിയതിന്റെ വിവരങ്ങൾ,സ്ഥലങ്ങളുടെ ആധാരം/പട്ടയം നമ്പർ, എന്നിവ സംബന്ധിച്ച വിവരങ്ങളും ഓഡിറ്റ് എൻക്വയറി(നം.5/26.8.2022) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയിട്ടില്ല.

ഇക്കാര്യങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. മുകളിൽ പറഞ്ഞിരിക്കുന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള ആസ്തി സംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലങ്ങളുടെ ഉടമസ്ഥാവകാശം വ്യക്തമാക്കുന്ന രേഖകൾ, ഭൂനികുതി അടവാക്കിയ രസീതുകൾ എന്നിവ ഭൂമിസംബന്ധമായ ആസ്തി സംരക്ഷണത്തിന് അനിവാര്യ ഘടകങ്ങളായതിനാൽ അവയുടെ സൂക്ഷിപ്പിനും പ്രാധാന്യം നൽകേണ്ടതാണ്.

## 1-28 കാരുണ്യസ്പർശം പദ്ധതി - രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയില്ല: തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റിന്റെ പേര്: Strengthening Of Early Invention Centres

പ്രൊജക്റ്റ് നം: 62/21-22

നിർവ്വഹണോദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

| ഫണ്ടിനം | വകയിരുത്തിയ തുക | ചെലവ് തുക/ബിൽ നം. |
|---|---|---|
| പദ്ധതി വിഹിതം | 13940 | 13940(ബിൽ നം.11/20,31.1.2022 |
| തനത് ഫണ്ട് | 6060 | 6060 ചെക്ക് നം.02063917/29.1.2022 |

എറണാകുളം ജില്ലാ പഞ്ചായത്തിന്റെ 2020-21വർഷത്തെ പദ്ധതിയായ കാരുണ്യ സ്പർശം ഏർലി ഇന്റർവെൻഷൻ സെന്റർ എന്ന പദ്ധതി സംയുക്തമായി ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തിയാണ് നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി ഈ കാര്യാലയത്തിൽനിന്നും മേൽപറഞ്ഞ പ്രകാരം തുക നലികിയിട്ടുണ്ട്. എന്നാൽ ഇതിന്റെ രസീതും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല. രസീതും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കണമെന്ന് കാട്ടി 31.08.2022 ൽ നൽകിയ 22-ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത രേഖകൾ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ ചെലവഴിച്ച 20000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 പട്ടികജാതി വനിതകൾക്ക് ഇരുചക്രവാഹനങ്ങൾ -തുക തടസ്സപ്പെടുത്തുന്നു.

പ്രൊജക്റ്റിന്റെ പേര് : പട്ടികജാതി വനിതകൾക്ക് ഇരുചക്രവാഹനങ്ങൾ വാങ്ങുന്നതിന് ധനസഹായം.
പ്രൊജക്റ്റ് നം : 46/23
ഈ ഇനത്തിൽ താഴെ പറയും പ്രകാരം 199981 രൂപ ചെലവഴിച്ചിട്ടുണ്ട്.

| തുക | ബിൽ നം/തിയ്യതി |
|---|---|
| 123101 | 21120852006401088629 തി 9.2.2022. |
| 40980 | 21120852006401182809 തി 23.2.2022. |

| | |
|---|---|
| 35900 | 21120852006401357468 തി 17.3.2022. |

| തുക | തുക ലഭിച്ച സ്ഥാപനം. |
|---|---|
| 116316 | ഇ വി എം ഓട്ടോമൊബൈൽസ്, കൊച്ചി. |
| 83665 | വിജയഗിരി ഓട്ടോമൊബൈൽസ്, ആലുവ. |

താഴെപ്പറഞ്ഞിരിക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്.

| ക്രമ നം. | പേര്. |
|---|---|
| 1 | സിമി സുരേഷ് |
| 2 | അനീഷ കെ എൻ. |
| 3 | നിഷ ചന്ദ്രകുമാർ |
| 4 | സുജിത തങ്കപ്പൻ. |
| 5 | നിഷ രാജേഷ്. |

ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.
1)ഈ സ്ഥാപനങ്ങളിൽ നിന്നും വാഹനങ്ങൾ വാങ്ങിയതിന്റെ Tax Invoice ഫയലിൽ ലഭ്യമായിട്ടില്ല. (ലഭ്യമാക്കിയിരിക്കുന്നത് Proforma Invoice/quotationആണ്)ആയതിനാൽ തന്നെ സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള പരിധി പാലിച്ചുകൊണ്ടാണോ ധനസഹായം നൽകിയതെന്ന് വ്യക്തമല്ല.
2)നിലവിൽ ഇരുചക്ര-നാലുചക്രവാഹനം സ്വന്തമായി ഇല്ലയെന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.
3)ലഭിച്ച വാഹനം വിൽക്കുകയോ, കൈമാറ്റം ചെയ്യുകയോ ചെയ്യുകയില്ലയെന്നുള്ള കരാർ ഉടമ്പടി ലഭ്യമാക്കിയിട്ടില്ല.
മുകളിൽ കാണിച്ച അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/26.8.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാരണത്താൽ ചെലവഴിച്ച 199981 രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-30 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ല.

2021-22 വർഷത്തിൽ വിഭാവനം ചെയ്തിരിക്കുന്ന താഴെ പറയുന്ന പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല.

1) മഞ്ഞളാംപാറ കുടിവെള്ള പദ്ധതി.

പ്രൊജക്ട് നം: 128/22

ഭരണാനുമതി: 1(2)/21.1.2022, 7,96,400/-രൂപ (സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്)

കരാറുകാരൻ : ശ്രീ.വിനീഷ് എച്ച് മോഹൻ

കരാർ ഉടമ്പടി: 25/AE/LSGD/PTKD/2021-22തി.16.3.2022

ഈ പ്രവൃത്തിയുടെ പ്രവൃത്തി സ്ഥലം 16.3.2022ന് കരാറുകാരന് നൽകിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തി പൂർത്തീകരിച്ചതായി ഫയലിൽ വ്യക്തമാകാത്തതിനാൽ നൽകിയ എൻക്വയറിക്ക് (നം.4/26.8.2022)മറുപടിയായി പ്രവൃത്തി തുടങ്ങിയിരുന്നുവെന്നും തുടർന്ന് മഴക്കാലം വന്നതിനാൽ താൽക്കാലികമായി നിർത്തിവെച്ചതാണെന്നും അറിയിക്കുകയുണ്ടായി. ഇത് കൂടാതെ ഈ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം മാത്രം തുടങ്ങുവാൻ കഴിയുന്ന മഞ്ഞളാംപാറ കുടിവെള്ള പദ്ധതി രണ്ടാം ഘട്ടം എന്ന പ്രവൃത്തിയുടെ കരാറും ഇതേ സമയത്ത് നൽകിയിരുന്നു. അവയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പ്രൊജക്ട് നം : 158/22

ഭരണാനുമതി : 1(4)/24.11.2021, 177800/-രൂപ

കരാറുകാരൻ : ശ്രീ.വിനീഷ് എച്ച്. മോഹൻ

കരാർ ഉടമ്പടി : 26/AE/LSGD/PTKD/2021-22 തീ.30.3.2022 ഒന്നാം ഘട്ടം പൂർത്തീകരിക്കുന്ന മുറക്ക് നടത്തേണ്ട പൈപ്പ് ലൈൻ സ്ഥാപിക്കൽ ഉൾപ്പെടെയുള്ള പ്രവൃത്തികളാണ് ഈ പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. ഇതിന്റെ പ്രവർത്തനപുരോഗതി വ്യക്തമാക്കുന്നതിന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/26.8.2022) ആദ്യഘട്ടനിർമ്മാണം പൂർത്തിയായാൽ മാത്രമേ ഈ പ്രവൃത്തി തുടങ്ങുന്നതിന് സാധിക്കുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആദ്യ ഘട്ട പ്രവൃത്തിക്ക് 21.1.2022ൽ ഭരണാനുമതി നൽകിയപ്പോൾ (തീരുമാനം നം.1(2))ഇതിന് ശേഷം നടപ്പിലാക്കേണ്ട രണ്ടാംഘട്ടപ്രവൃത്തിക്ക് 24.11.2022ൽ തന്നെ ഭരണാനുമതി നൽകിയിരുന്നുവെന്നത് (തീരുമാനം നം(1(4))ആസൂത്രണത്തിലെ അപാകമാണ്. ടെൻഡർ നടപടികൾക്ക് ശേഷം സാമ്പത്തിക വർഷത്തിലെ അവസാനത്തെ ആഴ്ചകളിലാണ് പ്രവൃത്തിയുടെ കരാർ ഉടമ്പടി ചമച്ചിരിക്കുന്നത്. ഈ രണ്ട് പ്രവൃത്തികളും സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

2)മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം നടപ്പിലായിട്ടില്ല.

പ്രൊജക്ട് നം: 94/22

പ്രൊജക്ടിന്റെ പേര്: മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം .

ഭരണാനുമതി; 1(3) തി.6.9.2021. 600000രൂപ(ശുചിത്വമിഷൻ)

കരാറുകാരന്റെ പേര്:ശ്രീ.വിനീഷ് എച്ച് മോഹൻ.

കരാർ ഉടമ്പടി:39/AE/LSGD/20-21തി.27.2.2021.

മുകളിൽ പറഞ്ഞ വിധത്തിൽ കരാറുകാരനുമായി കരാർ ഉടമ്പടി ചമച്ച് 27.2.2021ന് പ്രവൃത്തി സ്ഥലം കൈമാറിയെങ്കിലും പ്രവൃത്തി സ്ഥലത്ത് നിർമ്മാണവുമായി ബന്ധപ്പെട്ട് എതിർപ്പുയർന്നതിനാൽ പ്രവൃത്തി തുടങ്ങുന്നതിന് സാധിക്കുന്നില്ലയെന്ന് കാണിച്ച് കരാറുകാരൻ കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് 15.6.2021ന് 6ാം നമ്പർ തീരുമാനപ്രകാരം കാർഷിക വിപണനകേന്ദ്രത്തിനടുത്തോ, വാർഡ് 13ലെ ഗ്രാമപഞ്ചായത്തിന്റെ സ്ഥലത്തോ

നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.8/26.8.2022) മറുപടിയായി ഈ പദ്ധതി പ്രദേശവാസികളിൽനിന്നും എതിർപ്പ് ഉയർന്നതിനെ തുടർന്ന് ഭരണസമിതിയുടെ 15.2.2021ലെ 3(1)നമ്പർ തീരുമാനം പ്രകാരം ഉപേക്ഷിക്കുകയും കരാറുകാരന് സെക്യൂരിറ്റി തുക തിരികെ നൽകുകയും ചെയ്തിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി. എന്നാൽ തുടർന്ന് 15.6.2021ലെ 6-ാം നമ്പർ തീരുമാനപ്രകാരം തീരുമാനിച്ച സ്ഥലങ്ങളിൽ നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ആയതിനാൽ നിലവിൽ ഹരിത കർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനുള്ള സ്ഥിര സംവിധാനം ഗ്രാമപഞ്ചായത്തിലില്ല. എത്രയും വേഗം മെറ്റീരിയൽ കളക്ഷൻ സെന്റർ നിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-31 കറവ പശുവിന് കാലിത്തീറ്റ വിതരണം പദ്ധതി - അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഇല്ലാത്തയാൾക്ക് ആനുകൂല്യം നൽകി.

| | |
|---|---|
| നിർവ്വഹണം | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ | 10/2021-22 |
| അടങ്കൽ | 665820/-(പ്ലാൻ-ജനറൽ) |
| ചെലവ് | 665820/- |
| ബിൽ നം. | 400944855/14.1.22, 332910/-<br>4401088920/9.2.22, 332910/- |

മേൽ പദ്ധതി പ്രകാരം സബ്സിഡിയായി കാലിത്തീറ്റ 50 കിലോ വീതമുള്ള 2 ബാഗുകളാണ് ഓരോ ഗുണഭോക്താവിനും വിതരണം ചെയ്തത്. ഒരു ബാഗിന്റെ വില 1215/- രൂപയാണ്. ഗുണഭോക്തൃ പട്ടിക പ്രകാരം വിതരണം ചെയ്തതിൽ പട്ടികയിൽ ഉൾപ്പെടാത്ത കുഞ്ഞമ്മ യാക്കോബ്, ചെനയപ്പിള്ളിയിൽ എന്നവർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പട്ടികയിൽ ഇല്ലാത്ത വ്യക്തിക്ക് ആനുകൂല്യം നൽകാൻ വ്യവസ്ഥയില്ല. പ്രസ്തുത ന്യൂനത സംബന്ധിച്ച് നൽകിയ (നം.21/31.8.22) ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ലിസ്റ്റിലെ അപാകത പരിഹരിക്കുന്നതിനായി പഞ്ചായത്ത് സെക്രട്ടറിക്ക് സ്കീം തുടങ്ങുമ്പോൾ തന്നെ അപേക്ഷ നൽകിയിട്ടുള്ളതാണ് എന്നറിയിച്ചു. എന്നാൽ ഗ്രാമസഭ ഒരിക്കൽ അംഗീകരിച്ച് ഒരു ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ ആയതിൽ മാറ്റം വരുത്തി നടപ്പാക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥന് സാദ്ധ്യമല്ല. ഗുണഭോക്താക്കളെ മാറ്റം വരുത്തേണ്ടപക്ഷം ഗ്രാമസഭയിൽ വച്ചുതന്നെ മാറ്റം വന്നവ സാധുവാക്കി ഭരണസമിതി അംഗീകരിക്കേണ്ടതുണ്ട്. തെറ്റായ നടപടിക്രമം മൂലം അധികമായി നൽകിയ ചെലവ് തുക 2430/- തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചത്

ശ്രീ. ദിൽ ഫിലിപ്പ്, അരിമ്പാൻചിറയിൽ, പോത്താനിക്കാട് പി.ഒ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഏനാനല്ലൂർ വില്ലേജിൽ സർവ്വേ നം. 407/2-5 ൽ 10.12 ആർ (Are) പ്ലോട്ടിൽ 634.7 ച.മീറ്റർ നിർമ്മിത വിസ്തൃതിയിലുള്ള വാണിജ്യം & പാർപ്പിടം എന്നീ ആവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് ബിൽഡിംഗ് പെർമിറ്റ് ലഭിക്കുന്നതിനായി 24.03.2021 തീയതിൽ അപേക്ഷ സമർപ്പിച്ചിരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പ് ഓവർസീയറുടെ സ്ഥല പരിശോധന റിപ്പോർട്ടിൽ പ്രസ്തുത സ്ഥലത്തു നിന്ന് മണ്ണ് നീക്കം ചെയ്തിട്ടുള്ളതായും ഡെവലപ്പ്മെന്റ് പെർമിറ്റ് എടുക്കേണ്ടതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ടി സ്ഥലത്ത് നിന്ന് മണ്ണ് നീക്കം ചെയ്യുന്നതിന് ലഭിച്ച അനുമതി ഹാജരാക്കേണ്ടതാണെന്നും സ്ഥലം ഡെവലപ്പ് ചെയ്തതിനാൽ ഡെവലപ്പ്മെന്റ് പെർമിറ്റ് എടുക്കേണ്ടതാണാണെന്നും സൂചിപ്പിച്ചുകൊണ്ട് പോത്താനിക്കാട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 19.04.2021 ലെ C2-879 നമ്പർ കത്ത് അപേക്ഷകന് നൽകിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത കത്തിലെ ക്രമ നം. 3 പ്രകാരമുള്ള അപാകത പരിഹരിക്കാതെയും ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കാതെയും 01.12.2021 തീയതിലെ 1210301094 രസീത് പ്രകാരം 6347/- രൂപ മാത്രം പെർമിറ്റ് ഫീസായി ഈടാക്കിയാണ് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 03.12.2021 ലെ C2-BA(303317)/2021 നമ്പർ പ്രകാരം 634.7 ച.മീറ്റർ നിർമ്മിത വിസ്തൃതിയിലുള്ള വാണിജ്യം & പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ഷെഡ്യൂൾ II പ്രകാരം ഒരു ആറിന് (Ares) 750/- രൂപ നിരക്കിൽ ഡെവലപ്പ്മെന്റ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ 10.12 ആർ (Are) പ്ലോട്ടിൽ സ്ഥലം ഡെവലപ്പ് ചെയ്തതിന്റെ ഡെവലപ്പ്മെന്റ് ഫീസ് തുകയായ 7590/- രൂപ (10.12 X750) ഈടാക്കാതെ ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി 31.08.2022 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 24 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഡെവലപ്പ്മെന്റ് ഫീസ് തുകയായ 7,590/- രൂപ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുകലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 611704 | 78/22 ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 611704 | |
| | | 1090000 | 81/22, ലൈഫ് ഭവന പദ്ധതി(ജനറൽ ) | 1090000 | |
| | | 175000 | 54/22, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 175000 | |
| | | 200000 | 147/22, പറമ്പൻ ചേരി വെൽനസ് സെന്റർ കെട്ടിട നിർമ്മാണം | 200000 | |
| | | 400000 | 40/22, ക്ഷീര കർഷകർക്ക് ഇൻസെന്റീവ് | 400000 | |
| | ആകെ | 2476704 | | 2476704 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 60000 | 15/22, നെൽകൃഷി വികസനം | 60000 | |
| | | 67255 | 87/22, ഭൂരഹിതർക്ക് സ്ഥലം വാങ്ങൽ | 67255 | |
| | | 1198296 | 78/22,ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 1198296 | |
| | | 520000 | 81/22, ലൈഫ് ഭവന പദ്ധതി(ജനറൽ ) | 520000 | |
| | | 186625 | 54/22,ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 186525 | |
| | | 141175 | 103/22,ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 141175 | |
| | ആകെ | 2173351 | | 2173351 | |

പ്രോജക്ട് നം 147/22, പറമ്പൻചേരി വെൽനസ് സെന്റർ കെട്ടിട നിർമ്മാണത്തിനനുവദിച്ച 200000 രൂപ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് ചെലവഴിച്ചിട്ടുള്ളതിനാൽ യഥാർത്ഥ ചെലവ് 2476704 രൂപ തന്നെയാണ്. എന്നാൽ ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-6 ൽ പ്രസ്തുത തുകയായ 200000 രൂപ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാലാണ് 200000 രൂപ കുറവായി കാണുന്നത്.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 75/22,തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | XVFC/2021 /22/P/19 22.03.2022 | 325208 | 325208 | 0 |
| കേരള വാട്ടർ അതോറിറ്റി | 108/22, വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ സ്ഥാപിക്കൽ | 2112080000000 22444, 28.02.2022 | 66000 | 66000 | 0 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ രൂപ 220000വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | തൻ വർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | (1)ജി.ഒ(എം.എസ്)3367/ 2021/ധനം 17.04.2021 2)ജി.ഒ(എം.എസ്)5206/ 2021/ധനം30.07.2021 3)ജി.ഒ(എം.എസ്)22/ 2022/ധനം 01.01.2022 | 220000 | 10079402 | 1892000 | 0 | 8407402 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ തൻവർഷം ലഭിച്ച രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2019-20 | 1 (14) ക്രമ 5 | 960 | ശ്രീമതി.സോഫിയാമ്മ ജെയിംസ് | 121030102775 09.03.2022 |
| 2020-21 | 1 (14) ക്രമ 5 | 960 | | 121030102776 09.03.2022 |
| 2020-21 | 1 (14) ക്രമ 9 | 8020 | | 121030102773 09.03.2022 |
| 2020-21 | 1 (14) ക്രമ 1 | 1440 | | 121030102291 09.03.2022 |

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

സ്ഥാപനത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998മുതൽ 2001-02 വരെയുള്ള പദ്ധതി ചെലവ് | 20 | 2014-15 | 3.7.1.9.3 | ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം-അപാകത | WP(Civil)18345/2008 നം.കേസിന്റെ അടിസ്ഥാനത്തിൽ റവന്യൂറിക്കവറി നടപടികൾ ഒഴിവാക്കുന്നതിന് ബഹു.കോടതി വിധിച്ചു. ആയതിന്മേൽ പഞ്ചായത്ത് അപ്പീൽ ഫയൽ ചെയ്തു. |

4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 41497100.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40542193.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 7590.00 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1006663 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടം.

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 7,590/- | - | കൃഷ്ണൻകുട്ടി ഇ.കെ. സെക്രട്ടറി (എലിമേൽ വീട്, നെച്ചൂർ പി.ഒ, പിറവം) |
| ആകെ | 7,590/- | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| 1-19 | 400000 | ശ്രീ.അജയൻ.പി.എസ് വി.ഇ.ഒ(പോത്താനിക്കാട്) | പഴമ്പിള്ളിമോളത്ത്, ചെറുവട്ടൂർ.പി.ഒ കോതമംഗലം.പിൻ 686691 |
| 1-19 | 100000 | ശ്രീമതി.റാണി.കെ.പി വി.ഇ.ഒ(പോത്താനിക്കാട്) | കല്ലട വീട്, കൊമ്പനാട്.പി.ഒ വേങ്ങൂർ, പെരുമ്പാവൂർ |
| 1-22 | 250000 | ഡോ.സീനാ മോൾ, മെഡിക്കൽ ഓഫീസർ ഹോമിയോ, | സോപാനം, അമ്പലം പടി, മേക്കടമ്പ് പി.ഒ, എറണാകുളം. |
| 1-25 | 27733 | ശ്രീ.സുധീഷ് കുമാർ സി.കെ, സെക്രട്ടറി ഇൻ ചാർജ്ജ്. | ചേറ്റുപറമ്പിൽ, ആലാട്ടുചിറ പി.ഒ. കോടനാട് – 683544 |
| 1-26 | 6519 | ശ്രീ.സണ്ണി കെ.എസ്, കൃഷി ഓഫീസർ, പോത്താനിക്കാട് ഗ്രാമപഞ്ചായത്ത്. | കൊടക്കപ്പറമ്പിൽ, പല്ലാരിമംഗലം പി.ഒ, എറണാകുളം ജില്ല. |
| 1-28 | 20000 | ഡോ.സുജേഷ് എം, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി പോത്താനിക്കാട്. | സുജാ നിവാസ്, മരുതൂർ പി.ഒ,പട്ടാമ്പി. |
| 1-29 | 199981 | ശ്രീ.ഷാജു പോൾ, അസി.സെക്രട്ടറി. | കൊല്ലറക്കൽ, പിണ്ടിമന പി ഒ |
| 1-31 | 2430 | ഡോ.ജെസ്സി കെ ജോർജ്ജ് വെറ്ററിനറി സർജൻ. | ചിറയത്ത് ഹൗസ്, കോഴിപ്പിള്ളി പി ഒ കോതമംഗലം 686691 |
| ആകെ | **1006663** | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക (ജി.എസ്.ടി) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | സ്ഥിരമായ മേൽവിലാസം |
|---|---|---|---|
| | ഇല്ല | | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| ക്രമ നം | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽ വിലാസം |
|---|---|---|---|
| 1 | കൃഷ്ണൻകുട്ടി ഇ.കെ, സെക്രട്ടറി | സെക്രട്ടറി, കവളങ്ങാട് ഗ്രാമ പഞ്ചായത്ത് | കൃഷ്ണൻകുട്ടി ഇ.കെ, എലിമേൽ വീട്, നെച്ചൂർ പി.ഒ, പിറവം |

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും |
|---|---|

| | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.ഇ(പി1) 89/98 തീ. 04.01.1999 |
| 1997-98 | എൽ.എഫ്.ഇ(പി1)1148/98 തീ. 04.01.1999 |
| 1998-99മുതൽ 2001-02വരെയുള്ള പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1) 72/2004 തീ. 13.09.2004 |
| 2001-2002 പദ്ധതി ചെലവ് | എൽ.എഫ്.ഇ(പി1) 1610/2009 തീ. 23.07.10 |
| 2002-2003 | എൽ.എഫ്.ഇ(പി7) 1611/2009 തീ. 23.07.10 |
| 2003-2004 | എൽ.എഫ്.ഇ(പി7) 1612/2009 തീ. 23.07.10 |
| 2004-2005 | എൽ.എഫ്.ഇ(പി7) 1613/2009 തീ. 23.07.10 |
| 2005-2006 | എൽ.എഫ്.ഇ(പി7) 1614/2009 തീ. 23.07.10 |
| 2006-2007 | എൽ.എഫ്.ഇ(പി7) 916/2011തീ. 26.12.2011 |
| 2007-2008 | എൽ.എഫ്.ഇ(പി7) 916(എ)/2011 തീ.26.12.2011 |
| 2008-2009 മുതൽ 2010-2011 വരെ | എൽ.എഫ്.ഇ(പി7)165/2013 തീ. 26.12.2013 |
| 2011-2012 | എൽ.എഫ്.ഇ(പി7) 1589/2014 തീ.05.11.14/12.12.2014 |
| 2012-13 & 2013-14 | കെ.എസ്.എ.ഇ.കെ.എം(പി7) 495/15 തീ. 22.05.2015/ 17.07.15 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി7)1331/16 തീ. 07.08.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം (പി14)77/17 തീ. 31.01.17 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം (പി14)1495/17 തീ. 14.09.17 |
| 2017-18 | നം.കെ.എസ്.എ.ഇകെഎം(പി14)131/2019 തീ.12.03.2019 |
| 2018-19 | നം.കെ.എസ്.എ.ഇകെഎം(പി14)278/2020 തീ.11.03.2020 |
| 2019-20 | നം.കെ.എസ്.എ.ഇകെഎം(പി14)1383/2020 തീ.10.11.2021 |
| 2020-21 | നം.കെ.എസ്.എ.ഇകെഎം(പി14)1384/2020 തീ.09.12.2021 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കുവാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്